പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2200 — 13.06.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തിക

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത തസ്തികയിൽ താല്ക്കാലിക മായി ജോലിചെയ്യുന്നവർ എത്രയാണെന്നും വിശദമാക്കാമോ; | (എ) | സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ നിലവിൽ 85 ഒഴിവുകളുണ്ട്. പ്രസ്തുത തസ്തികയിൽ താല്ക്കാലികമായി ആരെയും നിയമിച്ചിട്ടില്ല. |
| (ബി) | ഈ തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; താല്ക്കാലികമായി ജോലി ചെയ്യുന്നവരെ സപ്ലൈകോയിൽ സ്ഥിരപ്പെടുത്തുവാൻ പോകുന്നതായ വാർത്തകൾ വസ്തുതാപരമാണോ; വ്യക്തമാക്കുമോ; | (ബി) | ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ താല്ക്കാലികമായി ആരെയും നിയമിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഈ തസ്തികയിലെ ഒഴിവുകൾ എല്ലാം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ പി.എസ്.സി. യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ